# കേരള സർവകലാശാല

നം. പി.ആർ.040/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബജറ്റ് അവതരിപ്പിച്ചു

കേരള സർവകലാശാലയുടെ 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഇന്നുചേർന്ന സെനറ്റ് യോഗത്തിൽ അവതരിപ്പിച്ചു.

പദ്ധതിയേതര ഇനത്തിൽ 429.92 കോടി രൂപ വരവും 433.92 കോടി രൂപ ചെലവും നാല് കോടി രൂപ കമ്മിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് സിൻഡിക്കേറ്റംഗവും ഫിനാൻസ് കമ്മിറ്റി കൺവീനറുമായ അഡ്വ. കെ.എച്ച്. ബാബുജാൻ സെനറ്റിൽ അവതരിപ്പിച്ചു. വൈസ് ചാൻസലർ പ്രൊഫ. പി.കെ രാധാകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു.

കേരള സർവകലാശാലയുടെയുടെ അക്കാദമിക്-ഗവേഷണ കേന്ദ്രമായ കാര്യവട്ടം കാമ്പസിനെ മികവിന്റെ കേന്ദ്രമാക്കാൻ കേരള സർക്കാർ ഇൻഫ്രാസ്ട്രകചർ ഫണ്ടിംഗിനായി രൂപീകരിച്ച കിഫ്ബിയിലുൾപ്പെടുത്തി 300 കോടി രൂപയുടെ കർമ്മ പദ്ധതിയ്ക്ക് തുടക്കമിടും. അന്താരാഷ്ട്ര കേരള പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാര്യവട്ടം കാമ്പസിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന കേരള ഗ്രാമം പദ്ധതിയാണ് ഏറ്റവും ശ്രദ്ധേയം. ഐക്യകേരളത്തിന്റെ ഷഷ്ടിപൂർത്തി വർഷത്തിൽ മലയാളികൾക്ക് സമർപ്പിക്കുന്ന ഏറ്റവും വലിയ സംഭാവനയാണ് കേരള ഗ്രാമം. ബോട്ടണി പഠനവകുപ്പിന്റെ കീഴിൽ ലോകോത്തര നിലവാരമുള്ള ബൊട്ടാണിക്കൽ ഗാർഡൻ നിർമ്മിക്കാനും പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. 15 ലക്ഷം രൂപയാണ് ഇതിനായി വകയിരിത്തിയിരിക്കുന്നത്.

### ബജറ്റിലെ മറ്റ് പ്രധാന പദ്ധതികൾ ചുവടെ കൊടുക്കുന്നു.

- ജീവനക്കാർക്കായി ബാച്ചിലേഴ്സ് ഹോസ്റ്റലിനും ക്വാട്ടേഴ്സ് നവീകരണത്തിനുമായി രണ്ട് കോടി രൂപ വകയിരിത്തും.
- റിക്കോർഡ്സ് റൂം നവീകരണത്തിന് : 10 ലക്ഷം രൂപ
- മാലിന്യനിർമാർജ്ജനത്തിന് : 10 ലക്ഷം രൂപ
- സർവകലാശാല പ്രസിന്റെ നവീകരണത്തിന് : 50 ലക്ഷം രൂപ.
- യു.ഐ.ടി, യു.ഐ.എം, കെ.യു.സി.ടി.ഇ നവീകരണത്തിന് : 50 ലക്ഷം രൂപ.

### പുതിയ നിർമാണങ്ങൾ/നവീകരണ പ്രവർത്തനങ്ങൾ

- ചാൻസിലേഴ്സ് അവാർഡ് തുകയായ അഞ്ച് കോടി രൂപ ഉൾപ്പെടുത്തി ചാൻസിലേഴ്സ് മൾട്ടിപ്ലക്സ് നിർമ്മിക്കും.
- നിർമ്മാണ പ്രവർത്തനം പൂർത്തിയായികൊണ്ടിരിക്കുന്ന സ്റ്റുഡന്റ് അമിനിറ്റി സെന്റർ & ഫ്രണ്ട് ഓഫീസിന്റെ അനുബന്ധ സൗകര്യങ്ങൾ പൂർത്തികരിക്കുന്നതിന് 2.80 കോടി രൂപ.

- സെനറ്റ് ഹൗസ് കാമ്പസിന്റെ കാമ്പസ് ബ്യൂട്ടിഫിക്കേഷൻ നടത്താൻ 50 ലക്ഷം രൂപ.
- സ്റ്റുഡന്റ് ഹോസ്റ്റൽ നിർമ്മാണ/ നവീകരണ പ്രവർത്തനങ്ങൾക്ക് രണ്ട് കോടി രൂപ.
- പാളയം കാമ്പസിൽ പുതിയ ഓഫീസ് മന്ദിര നിർമ്മാണത്തിന് 2.50 കോടി രൂപ.
- പാളയം/ കാര്യവട്ടം കാമ്പസുകളിൽ കുടിവെള്ള ശൃംഖലയുടെ നവീകരണത്തിന് 50 ലക്ഷം രൂപ.
- അറ്റകുറ്റ പണികൾക്കായി രണ്ട് കോടി രൂപ.
- സെനറ്റ് ഹൗസ് കാമ്പസിലെ റോഡുകളുടെ നവീകരണത്തിന് 50 ലക്ഷം രൂപ.

<u>പ്ലാൻ ഫണ്ടിൽ വകയിരുത്തിയ വികസന പദ്ധതികൾ</u>

- മിനറൽ റിസോഴ്സ് ലബോറട്ടറി : 1.25 കോടി രൂപ
- അഡ്വാൻസ്ഡ് നാനോഫോട്ടോണിക്സ് ലബോറട്ടറി : 41.50 ലക്ഷം രൂപ.
- ശംഖുപുഷ്പത്തിന്റെ ഔഷധമൂല്യത്തെക്കുറിച്ചുള്ള പഠനത്തിന് 42.80 ലക്ഷം രൂപ.
- ബയോഡൈവേഴ്സിറ്റി കൺസർവേഷൻ സെന്റർ : 1.39 കോടി രൂപ.
- ഡിജിറ്റൈസേഷൻ ഓഫ് ഒ.ആർ.ഐ & എം.എസ്.എസ് ലൈബ്രറി : 1.10 കോടി രൂപ.
- വിവിധ ലാബുകളുടെ നവീകരണം : 4.50 കോടി രൂപ

<u>മറ്റ് പൊതു പദ്ധതികൾ</u>

- മഹാകവി ഒ.എൻ.വി കുറുപ്പിന്റെ ഓർമ്മയ്ക്കായി എല്ലാ നവംബർ ഒന്നിന് ഒ.എൻ.വി സ്മാരക പ്രഭാഷണം സർവകലാശാല ആസ്ഥാനത്ത് സംഘടിപ്പിക്കും. ഇതിനായി രണ്ട് ലക്ഷം രൂപയും മലയാള ഭാഷയിലെ സമഗ്രസംഭാവനയ്ക്ക് ഒരു ലക്ഷം രൂപയുടെ പുരസ്കാരവും നൽകും.
- കാര്യവട്ടം കാമ്പസ് ലൈബ്രറിയിൽ ബൗദ്ധിക വ്യായാമത്തിന് പസ്സിൽ ലൈബ്രറി : രണ്ട് ലക്ഷം രൂപ.
- സർവകലാശാല പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിലേയ്ക്കായി പ്രാരംഭഘട്ടത്തിൽ രണ്ട് ലക്ഷം രൂപ വകയിരുത്തും.
- എനർജി ഓഡിറ്റിംഗ് : ആറ് ലക്ഷം രൂപ.

<u>പുതിയ സെന്ററുകൾ/കോഴ്സുകൾ</u>

- കൊല്ലം, ആലപ്പുഴ, പന്തളം എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ജില്ല ഇൻഫർമേഷൻ കേന്ദ്രങ്ങൾ റീജണൽ ഫെസിലിറ്റേഷൻ സെന്ററുകളായി ഉയർത്തും. ഇതിലേയ്ക്കായി 10 ലക്ഷം രൂപ വകയിരുത്തും.

- ആലപ്പുഴയിലെ കേരള യൂണിവേഴ്സിറ്റി റിസർച്ച് ആൻഡ് റീജണൽ ഫെസിലിറ്റേഷൻ സെന്ററിന്റെ ആധുനികവൽകരണത്തിനായി 30 ലക്ഷം രൂപ.
- സർവകലാശാല ഹെൽത്ത് സെന്റർ നവീകരണത്തിനായി അഞ്ച് ലക്ഷം രൂപ.
- സർവകലാശാലയുടെ കീഴിലുള്ള അസ്ട്രോണമിക് ഒബ്സർവേറ്ററിയെ അക്കാദമിക് ടൂറിസ്റ്റർ ഡെസ്റ്റിനേഷനായി മാറ്റും. ഇതിലേയ്ക്കായി ഏഴ് ലക്ഷം രൂപ വകയിരുത്തും.
- യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിന് പുതിയ മന്ദിരം : 40 ലക്ഷം രൂപ.
- അടൂർ, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലായി വിദൂര വിദ്യാഭ്യാസത്തിന് റീജണൽ കേന്ദ്രങ്ങൾ ആരംഭിക്കും. ഇതിലേയ്ക്കായി അഞ്ച് ലക്ഷം രൂപ വകയിരുത്തും.
- ഓൺലൈൻ കോഴ്സുകൾക്കായി അഞ്ച് ലക്ഷം രൂപ വകയിരുത്തും.
- യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിനിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കും. കോളേജിനായി പുതിയ മന്ദിരം നിർമ്മിക്കും പ്രാരംഭ നടപടികൾക്കായി 40 ലക്ഷം രൂപ വകയിരുത്തും.

<u>പുതിയ യു.ഐ.ടി-കൾ ആരംഭിക്കുന്ന നിയോജകമണ്ഡലങ്ങൾ</u>

- കോവളം (കാഞ്ഞിരം കുളം)
- അരുവിക്കര (തൊളിക്കോട്)
- വാമനപുരം (കല്ലറ)
- കാട്ടാക്കട (മലയിൻകീഴ്)
- വർക്കല (മുനിസിപ്പാലിറ്റി)
- ചിറയിൻകീഴ്
- തിരുവനന്തപുരം (വള്ളക്കടവ്)
- കായംകുളം
- ചടയമംഗലം (ഇട്ടിവ, ചരുപറമ്പ്)
- ചേർത്തല (മുഹമ്മ)
- ആലപ്പുഴ (എസ്.എൽ. പുരം)
- മാവേലിക്കര
  ഇതിനുള്ള പ്രാരംഭ നടപടികൾക്കായി 30 ലക്ഷം രൂപ വകയിരുത്തും

വിശദമായ ചർച്ചകൾക്ക് ശേഷം നാളെ കൂടുന്ന യോഗത്തിൽ ബജറ്റ് അംഗീകരിക്കും.



അടിക്കുറിപ്പ് : ഇന്ന് (21.02.2017) നടന്ന സെനറ്റ് യോഗത്തിൽ സിൻഡിക്കേറ്റംഗവും ഫിനാൻസ് കമ്മിറ്റി കൺവീനറുമായ അഡ്വ. കെ.എച്ച്. ബാബുജാൻ ബജറ്റ് അവതരിപ്പിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. പി.കെ രാധാകൃഷ്ണൻ, പ്രോ–വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ, രജിസ്ട്രാർ ഡോ. എം ജയപ്രകാശ് എന്നിവർ വേദിയിൽ.
(ഫോട്ടോ ഇ–മെയിൽ ചെയ്തിട്ടുണ്ട്)

## യോഗാ പരിശീലന പരിപാടി

കേരള സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ പഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പൊതുജനങ്ങൾക്കായി നടത്തുന്ന യോഗാ പരിശീലന പരിപാടിയിലെ മാർച്ചിലെ രജിസ്ട്രേഷൻ ആരംഭിച്ചു. രാവിലെയും വൈകുന്നേരവുമായി നടക്കുന്ന യോഗാപരിശീലനത്തിനായുള്ള രജിസ്ട്രേഷൻ ഫോമുകൾ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നിന്നും ഓഫീസ് പ്രവർത്തന സമയങ്ങളിൽ ലഭിക്കും.

## ബി.പി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.പി.എ (വീണ) പരീക്ഷയുടേയും 2017 ജനുവരിയിൽ നടത്തിയ ഒന്നും മൂന്നും സെമസ്റ്റർ ബി.പി.എ (വീണ) പരീക്ഷയുടേയും പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 27 മുതൽ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി. ഡിപ്ലോമ ഇൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ : സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം ബോട്ടണി പഠന വകുപ്പിൽ പി.ജി. ഡിപ്ലോമ ഇൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ കോഴ്സിന് നാല് സീറ്റുകൾ ഒഴിവുണ്ട്. കോഴ്സ് ഫീസ് 5190/– രൂപ. താൽപര്യമുള്ളവർ ഫെബ്രുവരി 27–നകം ബോട്ടണി പഠന വകുപ്പുമായി ബന്ധപ്പെടുക. ഫോൺ : 0471–2308301.

## എൽ.എൽ.ബി. സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ/ ബികോം/ ബി.ബി.എ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഹാൾടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുമായി ഫെബ്രുവരി 22 മുതൽ മാർച്ച് ഒന്ന് വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണി മുതൽ അഞ്ച് വരെയുള്ള സമയങ്ങളിൽ റീ വാല്യുവേഷൻ സെക്ഷനിൽ എത്തിച്ചേരണം.

## ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ ഒന്നും രണ്ടും വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റഗുലർ & സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിന് മാർച്ച് 31 വരെ അപേക്ഷിക്കാം.

**ലക്ചറർ : അപേക്ഷ ക്ഷണിച്ചു**

കേരള സർവകലാശാലയുടെ കാര്യവട്ടം ഐ.എം.കെ-യിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമത്തിന് അപേക്ഷ ക്ഷണിച്ചു. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ ബയോഡാറ്റയും എല്ലാ സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകളും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ, (അഡ്മിനിസ്ട്രേഷൻ III) കേരള സർവകലാശാല, പാളയം എന്ന വിലാസത്തിൽ ഫെബ്രുവരി 28-നകം ലഭിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും

തിരുവനന്തപുരം.
21.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098